ഉത്തരം

(എ) ഉണ്ട്.

(ബി&സി) പുതുതായി തുറക്കാനുദ്ദേശിക്കുന്ന ഫയർസ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിൽ മണ്ണാർക്കാട് ഉൾപ്പെടുത്തുന്നതിനുള്ള നടപടി എടുത്തുകൊണ്ടിരിക്കുകയാണ്.

86 (2272) പുനലൂരിലെ ഫയർസ്റ്റേഷൻ

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂരിലെ ഫയർസ്റ്റേഷൻ സ്ഥാപിതമായത് എന്നാണ്;

(ബി) ഈ ഫയർസ്റ്റേഷൻ വാടക കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത്;

(സി) ഫയർസ്റ്റേഷനു കെട്ടിടം നിർമ്മിക്കുവാൻ സ്വന്തമായി സ്ഥലമുണ്ടോ;

(ഡി) ഇവിടെ കെട്ടിടം നിർമ്മിക്കുവാൻവേണ്ടി അഡ്മിനിസ്ട്രേഷനും ടെക്നിക്കലും സാങ്ഷനുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്;

(ഇ) കെട്ടിടം നിർമ്മിക്കുവാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(എഫ്) കെട്ടിടം നിർമ്മിക്കുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ജി) കെട്ടിടം പണി എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 22.2.1981-ൽ.

(ബി) അല്ല.

(സി) ഉണ്ട്.

(ഡി) 26.3.1999-ൽ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ) കെട്ടിട നിർമ്മാണത്തിനാവശ്യമായ 18 ലക്ഷം രൂപ പൊതുമരാമത്തു വകുപ്പിനു കൈമാറിയിട്ടുണ്ട്.

(എഫ്)&(ജി) പൊതുമരാമത്ത് വകുപ്പാണ് കെട്ടിടം പണിയുന്നത് പ്രസ്തുത ആവശ്യത്തിലേയ്ക്കായി 18 ലക്ഷം രൂപ 13.4.99-ൽ കൊല്ലം പി. ഡബ്ല്യു.ഡി. ബിൽഡിംഗ് ഡിവിഷൻ എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്.

87 (2273) ഫയർഫോഴ്സ് ട്രെയിനികൾക്കുള്ള സ്റ്റൈപ്പന്റ്

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly